**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **13-09-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കൊലപാതക കേസുകൾ ഉണ്ട്; സ്ത്രീകൾക്കെതിരെയുള്ള എത്ര അതിക്രമങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനുമായി പോലീസ് ആസ്ഥാനത്ത് നിന്നും 13/2009 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും വേണ്ടി 08.08.2023 ൽ 374/Camp/ADGP LO/2023 നം. പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽ നിന്നും സോൺ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജിമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്. ടി നടപടികൾ പൂർത്തീകരിക്കുന്നതോട് കൂടി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ നിലവിലുണ്ട് എന്ന കണക്കുകൾ ലഭ്യമാകുന്നതാണ്.<br><br>കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി യഥാവിധം നടത്തി വരുന്നുണ്ടെങ്കിലും ക്രിമിനൽ |

| | | | |
|---|---|---|---|
| | | | പശ്ചാത്തലമുള്ളവരുടെയോ മറ്റ് സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കേരളത്തിലെത്തുന്നവരുടെയോ വിവരങ്ങൾ ശേഖരിക്കുന്നതിന് പോലീസിന് പരിമിതികളുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും തൊഴിൽദാതാക്കളോ, കോൺട്രാക്ടർമാരോ, വീട് വാടകയ്ക്ക് നൽകുന്നവരോ ഇപ്രകാരം താമസിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ പലപ്പോഴും കൃത്യമായി ശേഖരിച്ച് വയ്ക്കാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമോ വിവര ശേഖരണമോ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതിനാൽ ഓരോ വർഷവും ലക്ഷക്കണക്കിന് തൊഴിലാളികൾ കേരളത്തിൽ വന്നു പോകുന്ന സാഹചര്യമുള്ളതിനാൽ ടി തൊഴിലാളികളുടെ കൃത്യമായ വിവര ശേഖരണത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകളുടെ എണ്ണം | കൊലപാതക കേസുകളുടെ എണ്ണം | സ്ത്രീകൾക്ക് എതിരായ കേസുകളുടെ എണ്ണം | പോക്സോ കേസുകളുടെ എണ്ണം |
|---|---|---|---|---|
| 2018 | 697 | 17 | 68 | 40 |
| 2019 | 964 | 23 | 50 | 42 |
| 2020 | 521 | 20 | 37 | 30 |
| 2021 | 641 | 17 | 78 | 64 |
| 2022 | 1348 | 24 | 78 | 83 |
| 2023( Upto 22/08/2023) | 1336 | 22 | 35 | 49 |

സെക്ഷൻ ഓഫീസർ